(ബി) ഈ വരുമാനം പ്രധാനമായും അതാതു ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നിത്യനിദാന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളം, ആനുകൂല്യം എന്നിവയ്ക്കും, ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ മരാമത്തു പണികൾ, ഗ്രാന്റ്, പൂജാ ഗ്രാന്റ്, കലാപീഠം, മതപാഠശാലകൾ എന്നിവയുടെ നടത്തിപ്പ്, ക്ഷേത്രപുനരുദ്ധാരണം, ആനുകാലികോത്സവം, അംശദായം, ക്ഷേമനിധി വിഹിതം, ഭരണചെലവുകൾ എന്നിവയ്ക്കായി വിനിയോഗിക്കുന്നു.

(സി) ഗുരുവായൂർ ദേവസ്വത്തിൽ ദേവസ്വം ഇനത്തിൽ 2001-2002 വർഷത്തിൽ 64,13,99,072 രൂപയും 2002-2003 വർഷത്തിൽ 66,10,63,126 രൂപയും 2003-2004 വർഷത്തിൽ 64,86,86,147 രൂപയും ചെലവായിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ 2001 മുതൽ 2005 വർഷം വരെ 2,92,11,175 രൂപ ദേവസ്വം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മലബാർ ക്ഷേത്രങ്ങൾക്ക് 2001 വർഷം 1,07,97,070 രൂപയും 2002-ൽ 78,46,197 രൂപയും 2003-ൽ 1,04,54,170 രൂപയും 2004-ൽ 1,09,15,460 രൂപയും ചെലവു വന്നിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഗുരുവായൂർ ദേവസ്വത്തിൽ ജീവകാരുണ്യം, സമുദായ ക്ഷേമം എന്നിവയ്ക്കായി 2001-2002 വർഷത്തിൽ 2,40,27,955 രൂപയും 2002-03-ൽ 3,87,53,111 രൂപയും 2003-04 വർഷത്തിൽ 4,20,42,420 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ അന്നദാനത്തിനായി എല്ലാ വർഷവും 75 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്.

ഹിന്ദുമതധർമ്മ സ്ഥാപന വകുപ്പിനു കീഴിലെ കാടാമ്പുഴ ദേവസ്വത്തിൽ ചാരിറ്റബിൾ ഡിസ്പെൻസറിയുടെ ആവശ്യത്തിനായി 2001-ൽ 4,29,189 രൂപയും 2002-ൽ 3,92,567 രൂപയും 2003-ൽ 4,13,710 രൂപയും 2004-ൽ 4,51,781 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൊച്ചി, കൂടൽമാണിക്യം ദേവസ്വങ്ങളിൽ ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. തിരുവിതാംകൂർ ദേവശ്വം ബോർഡിലെ വിവരം ശേഖരിച്ചു വരുന്നു.

(ഇ) മറ്റിനങ്ങളിൽ ഗുരുവായൂർ ദേവസ്വത്തിൽ അറ്റകുറ്റപ്പണികൾ, ഓഡിറ്റ് ഫീ, ലീഗൽ ചാർജുകൾ, ടാക്സ്, ദേവസ്വം ഗസ്റ്റ് ഹൗസ് നടത്തിപ്പ് എന്നിവയ്ക്കായി 2001-2002-ൽ 40,92,17,191 രൂപയും 2002-03-ൽ 45,94,05,125 രൂപയും 2003-2004-ൽ 52,02,35,586 രൂപയും ചെലവാക്കിയിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, കൂടൽമാണിക്യം മലബാർ ദേവസ്വങ്ങളിൽ മറ്റിനങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

ദേവസ്വം ബോർഡുകളിൽനിന്നുള്ള വരുമാനം

54 [3398] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ദേവസ്വം ബോർഡുകളിൽനിന്ന് പ്രതിവർഷം ശരാശരി എത്ര കോടി രൂപയാണ് ഖജനാവിലേക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ദേവസ്വം ബോർഡുകൾ സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. അവയുടെ വരുമാനത്തിൽനിന്ന് ഒരു തുകയും സർക്കാർ ഖജനാവിലേക്ക് ഈടാക്കുന്നില്ല. മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ ഭരണ നിയന്ത്രണം നിർവഹിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നും നിയമാനുസൃതമായ സംഖ്യ സൂപ്പർവിഷൻ ചാർജായി ഈടാക്കുന്നുണ്ട്. ഈ ഇനത്തിൽ 2003-2004 വർഷത്തിൽ 63,84,353 രൂപയും ആഡിറ്റ് ഫീ ഇനത്തിൽ 3,33,325 രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവിലയ്ക്ക് പകരം ആദായവില

55 [3399] ശ്രീ. എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പ്രതാപവർമ്മ തമ്പാൻ:
,, എ. കെ. മണി:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിർണ്ണയിക്കുന്നതാണോ അവയ്ക്ക് ആദായവില നൽകുന്നതാണോ കാർഷിക താല്പര്യം സംരക്ഷിക്കുന്നതിനു ഉചിതമായിട്ടുള്ളത്;

(ബി) കാർഷികോൽപ്പന്നങ്ങൾക്ക് ആദായവില നൽകുന്നതാണ് കാർഷിക താല്പര്യം സംരക്ഷിക്കുവാൻ സഹായകമാകുന്നതെങ്കിൽ അക്കാര്യം നടപ്പാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങൾക്ക് അവയുടെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തിയാണ് കേന്ദ്രകാർഷിക വിലനിർണ്ണയ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. കർഷകരെ സംബന്ധിച്ചിടത്തോളം ആദായവില നൽകി കാർഷിക താല്പര്യം സംരക്ഷിക്കുന്നത് അവർക്ക് പ്രയോജനപ്രദമാണ്. കേന്ദ്രസർക്കാർ ഇപ്പോൾ നടപ്പാക്കി വരുന്ന താങ്ങുവില പദ്ധതി യഥാവിധി നടപ്പാക്കുന്നത് വിലയിടിവ് സംഭവിക്കുന്ന അവസരത്തിൽ കർഷകർക്ക് ഭീമമായ നഷ്ടം നേരിടാതിരിക്കാൻ വേണ്ടി മാത്രമാണ്.

(ബി) സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങൾക്കും സ്ഥിരമായ ആദായവില നൽകി കാർഷിക താല്പര്യം സംരക്ഷിക്കുന്ന പരിപാടി കർഷകർക്ക് ഗുണകരമാണെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly